6. മേൽപ്പറഞ്ഞ നിയമപ്രകാരം വികലാംഗക്ഷേമ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ഇതിനായി ചെലവഴിക്കുന്ന തുകകൾ മോണിട്ടർ ചെയ്യുന്നതിനും ഒരു സംസ്ഥാന കമ്മിഷണറെ നിയമിക്കുക.

7. ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ് കോ-ഓർഡിനേഷൻ/സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികൾ രൂപീകരിക്കുക.

8. നിയമത്തിനനുസൃതമായ ചട്ടങ്ങൾ ഉണ്ടാക്കി സംസ്ഥാനത്ത് നടപ്പിൽ വരുത്തുക.

(ബി)&(സി) വികലാംഗർക്കായി ഈ നിയമത്തിൽ വ്യവസ്ഥചെയ്യുന്ന പരിരക്ഷകളും ആനുകൂല്യങ്ങളും ഇപ്പോൾത്തന്നെ ബന്ധപ്പെട്ട വകുപ്പുകൾവഴി ഇവർക്ക് ലഭ്യമാക്കിവരുന്നുണ്ട്. ഈ ആനുകൂല്യങ്ങൾ നൽകുന്ന വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു സംസ്ഥാന കമ്മിഷണറെ നിയമിച്ചു കഴിഞ്ഞു. ഉദ്യോഗസ്ഥ/അനുദ്യോഗസ്ഥ അംഗങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംസ്ഥാന ഏകോപന സമിതി, സംസ്ഥാന കാര്യ നിർവ്വഹണ സമിതി എന്നിവ രൂപീകരിച്ചു. വികലാംഗർക്ക് സർക്കാർ സർവ്വീസിലെ ക്ലാസ് 3, 4 വിഭാഗം തസ്തികകളിലെ ഒഴിവുകളിൽ 3 ശതമാനം സംവരണം ഏർപ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ചു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള ചട്ടങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ് എബിലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരടു ചട്ടങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്. സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് ടി ചട്ടങ്ങൾ സംസ്ഥാനത്തു നടപ്പാക്കുന്നുണ്ട്.

53 (1279) സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റേയും ധന സഹായത്തോടെ സ്വയം തൊഴിൽ വായ്പ നൽകുന്നു.

2. പൊതുവിഭാഗത്തിനുള്ള സ്വയംതൊഴിൽ വായ്പ നൽകുന്നു.

3. വനിതാ സംഘടനകൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും സ്വയം തൊഴിൽ വായ്പകൾ നൽകുന്നു.

4. സാങ്കേതിക പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. കേന്ദ്ര ഗവൺമെന്റിന്റെ നൊറാഡ് പദ്ധതി അനുസരിച്ചുള്ള ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നു.

6. കേന്ദ്രഗവൺമെന്റിന്റെ സ്റ്റെപ്പ് പദ്ധതി അനുസരിച്ച് കോഴിക്കോട് മലപ്പുറം ജില്ലകളിൽ ഫിഷറീസ് പ്രോജക്ടുകൾ ആരംഭിച്ചു പ്രവർത്തിപ്പിക്കുന്നു.

7. വനിതാ വ്യവസായ ഉൽപ്പന്നവിപണന മേളകൾ/ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ച് സ്വയം തൊഴിലുകൾ കണ്ടെത്താൻ വനിതകളെ സഹായിക്കുന്നു.

54 (1280) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ വരുന്ന കുട്ടികൾക്ക് നിർബന്ധമായും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

(ബി) പല അംഗൻവാടികളിലും വർക്കർമാർ കൃത്യമായി ജോലിക്ക് വരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടിയിലെ കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) അംഗൻവാടികളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശനമായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. മാനുവലിൽ പ്രതിപാദിക്കും പ്രകാരം അംഗൻവാടി കേന്ദ്രങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സാമൂഹ്യക്ഷേമവകുപ്പിൽ നിന്നല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗൻവാടി പ്രവർത്തകർ കൃത്യമായി ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിൽ അവധി അപേക്ഷ വാങ്ങുകയും അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്കെതിരെ ശിക്ഷണ നടപടികൾ എടുത്തുവരികയും ചെയ്യുന്നുണ്ട്.

(സി) പോഷകാഹാര വിതരണ പദ്ധതി 1.4.98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് അംഗൻവാടികളിൽ പോഷകാഹാര വിതരണം നടത്തി വരുന്നു.

(ഡി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly